**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1476** **19-06-2024 - ൽ മറുപടിയ്ക്ക്**

**സ്റ്റാഫ് ഫിക്സേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | 2024-25 അധ്യയനവർഷം ജൂൺ മൂന്നിന് ആരംഭിച്ചിട്ടും കഴിഞ്ഞ അധ്യയന വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ പ്രക്രിയ നാളിതുവരെ പൂർത്തിയാക്കിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 2023-2024 അധ്യയന വർഷത്തെ അധിക തസ്തിക ഒഴികെയുള്ള തസ്തിക നിർണ്ണയം പൂർത്തിയായിട്ടുണ്ട്. അധിക തസ്തികകൾ അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | കഴിഞ്ഞ അധ്യയന വർഷം ഇതുമൂലം കുട്ടികൾക്കും അധ്യാപകർക്കും ഉണ്ടായ പ്രതിസന്ധികൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | സ്കൂളുകളിൽ അധ്യയനം തടസ്സപ്പെടാതിരിക്കുന്നതിനായി പ്രതീക്ഷിത അധിക തസ്തികകളിൽ ദിവസവേതന അടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |
| (സി) | ഈ അധ്യയന വർഷവും പ്രസ്തുത സ്ഥിതി തുടരാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള പരിഹാര നടപടികൾ വ്യക്തമാക്കാമോ? | (സി) | ഈ അധ്യയന വർഷത്തിൽ തസ്തിക നിർണ്ണയ നടപടികൾ കെ.ഇ.ആർ പ്രകാരം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ